**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2343** **21-06-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിൽ നിലവിൽ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത റോഡുകൾ ഏതെല്ലാമാണെന്നും ആയത് പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റി-ജല ജീവൻ മിഷൻ (KWA-JJM) പൈപ്പിടൽ പ്രവൃത്തിയുള്ള റോഡുകളായ KR 14-29 വെള്ളമുണ്ട-തോട്ടോളിപ്പടി, KR 14-33 വേങ്ങപ്പള്ളി-തെക്കുംതറ റോഡുകളാണ് പ്രധാനമായും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത്. Site requirement അനുസരിച്ച് കൂടുതൽ പ്രവൃത്തികൾ പലയിനങ്ങളിലും വന്നു എന്നതും ക്വാറികളിൽ നിന്നുള്ള ലോറികളുടെ ട്രിപ്പ് വർദ്ധിച്ചതു കാരണം എസ്റ്റിമേറ്റ് റിവിഷൻ വേണ്ടിവന്നതും യഥാക്രമം ആദ്യത്തെയും രണ്ടാമത്തേയും റോഡ് പ്രവൃത്തി ആദ്യഘട്ടങ്ങളിൽ വൈകാൻ കാരണമായിട്ടുണ്ട്.<br><br>KR 14-37 പിണങ്ങോട്-അച്ചൂർ റോഡ്-നും KWA-JJM പൈപ്പ് ലേയിങ്ങ് പ്രവൃത്തി കാരണം പ്രതിബന്ധങ്ങൾ ഉണ്ടാകുന്നുണ്ട്. പി.എം.ജി.എസ്.വൈ റോഡുകളുടെ പൂർത്തീകരണം കൂടുതൽ വൈകാതിരിക്കാനായി കാര്യങ്ങൾ KWA-യുടെ ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമനം. | റോഡിന്റെ പേര് | നീളം (കി.മീ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | KR 14-28 മഞ്ഞപ്പാറ- മലയച്ചംകൊല്ലി റോഡ് | 6.400 | 31.05.2023 ന് പൂർത്തീകരിച്ചു. |
| 2. | KR 14-29 വെള്ളമുണ്ട-തോട്ടോളിപ്പടി റോഡ് | 8.330 | 26.06.2023 മുതൽ ഉള്ള കേരള വാട്ടർ അതോറിറ്റി-ജലജീവൻ മിഷൻ (KWA-JJM) പൈപ്പിടൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രതിബന്ധങ്ങൾ ഇതുവരെയും പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. പൈപ്പിടൽ പ്രവൃത്തിയും പൂർണ്ണമായിട്ടില്ല. കൂടാതെ ബാക്കി restoration തുക ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ലഭ്യമായ റിസ്റ്റോറേഷൻ തുകയ്ക്കുള്ള പ്രവൃത്തിയുടെ എഗ്രിമെന്റ് 10.06.2024 ന് വെച്ച് റിസ്റ്റോറേഷൻ പ്രവൃത്തി ആരംഭിക്കാനിരിക്കുകയാണ്. |
| 3. | KR 14-30 മാടക്കര-നമ്പിക്കൊല്ലി റോഡ് | 5.800 | 31.03.2024 ന് പൂർത്തീകരിച്ചു. |
| 4. | KR 14-32 ആലത്തൂർ-കാപ്പിസെറ്റ് റോഡ് | 4.270 | 14.01.2024-ന് ടാറിങ്ങ് പൂർത്തീകരിച്ചു. റോഡ് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക ടെണ്ടർ സേവിങ്ങ്സിൽ നിന്നും എടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| 5. | KR 14-33 വേങ്ങപ്പള്ളി-തെക്കുംതറ റോഡ് | 6.230 | 05.01.204 മുതൽ ഉള്ള KWA-JJM പൈപ്പ് ലേയിങ്ങ് പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രതിബന്ധങ്ങൾ നിലവിലുണ്ട്. റോഡ് റിസ്റ്റോറേഷൻ പ്രവൃത്തിക്കായുള്ള സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. എഗ്രിമെന്റ് വെച്ച് പ്രവൃത്തി ഉടൻ തന്നെ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക ടെണ്ടർ സേവിങ്ങ്സിൽ നിന്നും എടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| 6. | KR 14-34 ചുക്കര-ചുക്കുന്ന് റോഡ് | 6.300 | 05.02.2024 ന് ടാറിങ്ങ് പൂർത്തീകരിച്ചു. റോഡ് പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക ടെണ്ടർ |

| | | | |
|---|---|---|---|
| | | | സേവിങ്ങ്സിൽ നിന്നും എടുക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിഗണനയിലാണ്. |
| 7. | KR 14-37 പിണങ്ങോട്-അച്ചൂർ റോഡ് | 3.560 | KWA-JJM റിസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തേണ്ടതായിട്ടുണ്ട്. അനുമതി വാങ്ങാതെയും പൈപ്പിനോട് ചേർന്ന ഭാഗത്തെ റിസ്റ്റോറേഷൻ പ്രവൃത്തി നടത്താതെയും KWA-JJM പൈപ്പ് ലേയിങ്ങ് പ്രവൃത്തി ഏറെക്കുറെ പൂർത്തീകരിച്ചിരിക്കുന്നതിനാൽ റിസ്റ്റോറേഷൻ തുക ലഭിക്കാനായുള്ള സത്വര ശ്രമങ്ങൾ നടന്നുവരികയാണ്. |
| 8. | KR 14-31 കല്ലുമുക്ക്-കഴമ്പ്-പുത്തൻകുന്ന് റോഡ് | 5.130 | 22.05.2024 ന് Tender excess അംഗീകരിക്കപ്പെട്ടിട്ടുണ്ട്. Selection notice, agreement നടപടികൾ പുരോഗമിച്ചുവരുന്നു. |
| 9. | KR 14-35 അമ്പുകുത്തി-കോട്ടൂർ റോഡ് | 8.870 | 13.06.2024 ന് Tender excess അംഗീകരിക്കപ്പെട്ടിട്ടുണ്ട്. Selection notice, agreement നടപടികൾ പുരോഗമിച്ചുവരുന്നു. |
| 10. | KR 14-36 കല്ലോടി-തോട്ടോളിപ്പടി റോഡ് | 8.050 | 13.06.2024 ന് Tender excess അംഗീകരിക്കപ്പെട്ടിട്ടുണ്ട്. Selection notice, agreement നടപടികൾ പുരോഗമിച്ചുവരുന്നു. |
| 11. | KR 14-38 അരിവയൽ-പുല്ലുമല റോഡ് | 6.280 | 13.06.2024 ന് Tender excess അംഗീകരിക്കപ്പെട്ടിട്ടുണ്ട്. Selection notice, agreement നടപടികൾ പുരോഗമിച്ചുവരുന്നു. |